(ബി) 31-3-2011-ൽ കമ്പനിയുടെ നിക്ഷേപം 3,109 കോടി രൂപയായിരുന്നത് ഇപ്പോൾ 7,930 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(സി)

1. ചിട്ടി ആക്ട് 1982 പ്രകാരം പുതിയ ചിട്ടികൾ തുടങ്ങുവാനുള്ള അനുമതി നൽകിവരുന്നു.
2. ചിട്ടിയിതര ബിസിനസ്സുകൾ തുടരുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.
3. ചിട്ടി സെക്യൂരിറ്റി നിക്ഷേപം ട്രഷറിയിൽ നിക്ഷേപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.
4. കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി നാല് പുതിയ മേഖലാ ഓഫീസുകൾ തുടങ്ങുവാൻ G.O.(MS) 130/2015/TD തീയതി 24-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.
5. കൂടുതൽ മേഖലാ ഓഫീസുകളും സോണൽ ഓഫീസുകളും തുടങ്ങുന്നതിനുവേണ്ട പഠന റിപ്പോർട്ട് തയ്യാറാക്കാൻ കെ.എസ്. എഫ്. ഇ.- യോട് നിർദ്ദേശിച്ചിട്ടുണ്ട്.
6. ഫെമ നിയന്ത്രണങ്ങളിൽ മാറ്റം വരുത്തി പ്രവാസികളെ ചിട്ടിയിൽ അംഗങ്ങളാക്കുന്നതിന് G.O.(MS) 136/2015/TD തീയതി 29-7-2015 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

28 (*28) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട ചില ഉത്തരവുകൾ നിമിത്തം ജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വന്ന നിർദേശങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ പുതിയ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) ഉണ്ട്.

(ബി&സി) ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവ പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് മുഖേന " ജനപക്ഷ ചുവടുകൾ" എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ക്രമസമാധാനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ

29 (*29) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാനരംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്. ഇന്ത്യയിൽ ക്രമസമാധാന നില ഏറ്റവും ഭദ്രമായ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ് എന്ന് പ്രമുഖ മാധ്യമ സർവ്വേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ കുറച്ച് മാത്രമേ രേഖപ്പെടുത്തി കാണുന്നുള്ളുവെന്ന് മാധ്യമങ്ങളുടെ പഠനങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന സാക്ഷരതയും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോലീസിന്റെ പ്രവർത്തന മികവും പോലീസ് സാന്നിദ്ധ്യം സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly